# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1792

17.12.2012 ൽ മറുപടിയ്ക്ക്

### സർക്കാർ സർവ്വീസിലുള്ള ജീവനക്കാരുടെ എണ്ണം

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

| ക്രമ നം. | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ജീവനക്കാരുടെ എണ്ണം നിലവിൽ എത്രയാണെന്ന് പറയാമോ; | 2012-13 ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാന സർവ്വീസിലുള്ള ജീവനക്കാരുടെ എണ്ണം 5,02,675 ആണ്. |
| (ബി) | സർക്കാർ അധികാരമേറ്റ ശേഷം സർവ്വീസിലെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണം എത്രയാണ് കുറവുവന്നതെന്ന് വ്യക്തമാക്കാമോ; | ജീവനക്കാരുടെ എണ്ണത്തിൽ കുറവു വന്നിട്ടില്ല. എന്നാൽ 13,000-ത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ജനങ്ങളുടെ ആവശ്യങ്ങൾ വർദ്ധിച്ച സാഹചര്യത്തിൽ സർവ്വീസിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുക എന്നാൽ ജനങ്ങൾക്ക് സേവനം നൽകാൻ വിമുഖത കാണിക്കുക എന്നാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | ഉദിക്കുന്നില്ല. |

| | | |
|---|---|---|
| (ഡി) | ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം കാലതാമസം കൂടാതെ ലഭിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ക്രിയാത്മകമായ പല നടപടികളും ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ജനങ്ങൾക്ക് നിലവിൽ വിവിധ വകുപ്പുകൾ വഴി ലഭ്യമാകുന്ന സേവനം, സമയബന്ധിതമായി ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നവംബർ 1-ാം തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. ടി നിയമം 3-ാം വകുപ്പു പ്രകാരം സർക്കാരിന്റെ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും പ്രാരംഭ തീയതി മുതൽ 6 മാസത്തിനകം, ടി നിയമം 2 (g) വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ സേവനങ്ങളും, നിശ്ചിത സമയ പരിധി, നിയുക്ത ഉദ്യോഗസ്ഥൻ, അപ്പീൽ അധികാരികൾ ഇവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. ഫയലുകളുടെ നിലവിലുള്ള സ്ഥിതി പൊതുജനങ്ങൾക്ക് നേരിട്ട് അറിയുന്നതിന് ഫയൽ ട്രാക്കിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ ഓൺ ലൈൻ സംവിധാനം നടപ്പിലാക്കിത്തുടങ്ങി, കൂടാതെ വിവിധ സർക്കാർ വകുപ്പുകളിൽ നിലവിലുള്ള ഓൺ ലൈൻ സംവിധാനം മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**